# വരക്കാൻ പഠിക്കാം 10




**പോൾ കല്ലാനോട്**

*പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.*


വരക്കാനുള്ള കടലാസിനെ വിഭജിക്കുന്ന തരത്തിൽ മധ്യഭാഗത്ത് പ്രതലത്തിൽ ഒരു വരയിടാം.

ഇപ്പോൾതന്നെ ഒരു ചിത്രമായി എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കില്ല. പറയാം, വരയുടെ മുകൾഭാഗം ആകാശം. താഴെ ഭൂമി, കടൽ, വയൽ, എന്തും പെയിന്റ് ചെയ്യാം. നേർക്കാഴ്ചയിൽ പ്രകൃതിയെ കാണുമ്പോൾ അങ്ങനെ





ധരിക്കണം. അതായത് മുകൾഭാഗം ആകാശത്തിന് അവകാശപ്പെട്ടതാണ്. എന്നാൽ അവിടേക്കും ഉയർന്നു നിൽക്കുന്ന മരങ്ങളോ മലകളോ എല്ലാം ഉണ്ടാവാം.

താഴ് ഭാഗത്തുള്ള പ്രകൃതിയിൽ രൂപങ്ങൾ സൃഷ്ടിക്കുമ്പോൾ അടുത്തും അകലെയുമായി പ്രകടിപ്പിക്കാം. മുകളിൽ നിന്ന് താഴേക്ക് കാണുമ്പോഴും അടിയിൽ നിന്ന് മുകളിലേക്ക് കാണുമ്പോഴും നടുവിൽ വരച്ച വരയുടെ സ്ഥാനം മാറും. ഇപ്പോൾ നാം നടുവിൽ വരക്കുന്നത് ഒരു അടിസ്ഥാന രേഖയായി കാണുന്നത് ഒരു ശീലമാക്കി തുടങ്ങാം.

സാധാരണ പ്രകൃതിക്കാഴ്ചകൾക്ക് അടിസ്ഥാനമായി മധ്യഭാഗത്ത് ഒരു വര വിലങ്ങനെ ഇടാം. മുതിർന്ന ചിത്രകാരൻമാർ ഈ വര ഇടാതെത്തന്നെ മനസ്സിൽ കരുതുന്നുണ്ട്. ചിത്രം പൂർത്തിയായിക്കഴിഞ്ഞാൽ ഈ നേർത്ത രേഖ പ്രത്യക്ഷത്തിൽ ഉണ്ടാവില്ല; ഉണ്ടാവരുത്.

ചിത്രത്തിൽ നടുവിൽ വരച്ചതാണ് അടിസ്ഥാന രേഖ.

(ഇനി അടുത്ത പാഠം)